# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 2

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

ഒന്നുമുതൽ നാലുവരെ സെമസ്റ്റർ ബി.എ.എൽ. എൽ.എൽ.ബി. (പഞ്ചവത്സരം - 2011 ബാച്ച് വരെ) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ 17 വരെയും 525 രൂപ പിഴയോടെ 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ആദ്യ മേഴ്സി ചാൻസ് (2006 അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 5250 രൂപയും രണ്ടാം മേഴ്സി ചാൻസ് (2006ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 7350 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. 2019ൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് 5000 രൂപ സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ ബാക്കി ഫീസായ 250 രൂപയും 7000 രൂപ സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ ബാക്കി ഫീസായ 350 രൂപയും അടയ്ക്കണം.

(പി.ആർ.ഒ/39/2107/2019)

## പിഎച്ച്.ഡി. നൽകി

കമ്പ്യൂട്ടർ സയൻസിൽ എസ്. രതീഷ്കുമാറിന് പിഎച്ച്.ഡി. നൽകി ഉത്തരവായി.

(പി.ആർ.ഒ/39/2108/2019)

## എം.ജി. ബിരുദപരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പുകൾക്ക് തുടക്കം

### - മൂല്യനിർണയം നടത്തുന്നത് 4.5 ലക്ഷം ഉത്തരക്കടലാസുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ മൂന്ന്, അഞ്ച് സെമസ്റ്റർ ബിരുദപരീക്ഷകളുടെ ഉത്തരക്കടലാസ് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾക്ക് തുടക്കം. ഒൻപത് കേന്ദ്രങ്ങളിലായി 4.5 ലക്ഷം ഉത്തരക്കടലാസുകളുടെ മൂല്യനിർണയമാണ് നടക്കുക. മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് ബിരുദ പരീക്ഷകളുടെയും മൂല്യനിർണയം ഇതോടൊപ്പം നടക്കും. സിൻഡിക്കേറ്റംഗങ്ങളുടെ മേൽനോട്ടത്തിൽ ക്യാമ്പ് ഡയറക്ടറുടെ നേതൃത്വത്തിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറെയും ആറ് ജീവനക്കാരെ വീതവും നിയോഗിച്ചിട്ടുണ്ട്. ഡിസംബർ അവസാനവാരത്തോടെ അഞ്ചാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുകയാണ് ലക്ഷ്യം.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ കോട്ടയം ബസേലിയസ് കോളേജിലെ ക്യാമ്പ് സന്ദർശിച്ച് നടത്തിപ്പ് വിലയിരുത്തി. അതിവേഗത്തിൽ പരീക്ഷകളുടെ ഫലം നൽകാനുള്ള ശ്രമങ്ങളാണ് സർവകലാശാല നടത്തുന്നതെന്ന് വൈസ് ചാൻസലർ പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, ക്യാമ്പ് ഡയറക്ടർ കെ.എസ്. മനോജ് നാരായണൻ എന്നിവർ സംസാരിച്ചു. ചങ്ങനാശേരി ക്രിസ്തുജ്യോതി കോളേജിലെ ക്യാമ്പും വൈസ് ചാൻസലർ സന്ദർശിച്ചു.

കോട്ടയം ബസേലിയസ് കോളേജ്, ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, പാലാ അൽഫോൻസാ കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ്, തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠം, കട്ടപ്പന ലബ്bക്കട ജെ.പി.എം. ബി.എഡ്. കോളേജ്, അടിമാലി കാർമ്മൽഗിരി കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പ് നടക്കുന്നത്. ഡിസംബർ 13 വരെയാണ് ക്യാമ്പ്.

# ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ബിരുദ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നടക്കുന്ന കോട്ടയം ബസേലിയസ് കോളേജിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യാപകരോട് സംസാരിക്കുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. പി.കെ. പത്മകുമാർ എന്നിവർ സമീപം**

(പി.ആർ.ഒ/39/2109/2019)

## എം.ജി.യിൽ ത്രിദിന പോളിമർ രാജ്യാന്തര ശില്പശാല ഡിസംബർ അഞ്ചുമുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി 'എൻജിനീയേർഡ് പോളിമർ നാനോ കോമ്പസൈറ്റ്സ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര ശില്പശാല ഡിസംബർ അഞ്ചുമുതൽ ഏഴുവരെ നടക്കും.

സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടക്കുന്ന ശില്പശാലയിൽ പ്രസിദ്ധ പോളിമർ ശാസ്ത്രജ്ഞരായ പ്രൊഫ. ബ്രൂണോ അമേദുരി, പ്രൊഫ. ദിദിയർ റൗക്സൽ എന്നിവർ പ്രഭാഷണം നടത്തും. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സ്പാർക് പദ്ധതിപ്രകാ രം ഫ്രാൻസിലെ ജീൻ ലാമർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും മോണ്ട്പെല്ലർ യൂണിവേഴ്സിറ്റിയുടെയും സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിക്കുന്നത്. യുവഗവേഷകർക്കായി പോസ്റ്റർ പ്രദർശനമത്സരവും ഇതോടനുബന്ധിച്ച് നടക്കും. വിശദവിവരത്തിന് iiucnnsparc@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/2110/2019)

## മാസ് സ്പെക്ട്രോമെട്രി രാജ്യാന്തര സമ്മേളനം ഡിസംബർ നാലുമുതൽ എം.ജി.യിൽ

നാലാമത് രാജ്യാന്തര മാസ് സ്പെക്ട്രോമെട്രി സമ്മേളനം ഡിസംബർ നാലുമുതൽ ഏഴുവരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്മെന്റും സംയുക്തമായാണ് രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുന്നത്.

ഡിസംബർ നാലിന് രാവിലെ ഒൻപതിന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഡോ. എ.പി. തോമസ് അധ്യക്ഷത വഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പങ്കെടുക്കും.

ടോം ബ്രണ്ണ, അതുല അറ്റിഗലി (യു.എസ്.എ.), മൈക്കിൾ സ്പിറ്റ്ലർ, ജോച്ചൻ വോൾ (ജർമ്മനി), ലോറന്റ് ഡെബ്രൂവർ, ഒലിവർ ലാപ്രവോട് (ഫ്രാൻസ്), അചിലി കാപിലോ, പിയറംഗേല പൽമ (ഇറ്റലി), കോൺസ്റ്റാന്റിൻ ചിൻഗിൻ (ചൈന), സുമൻ കാന്തി മന്ന, മാളവിക ദത്ത്, അനുഭവ് കുമാർ, ഷിബ്ദാസ് ബാനർജി, എം. ജോസഫ്, ഇ.കെ. രാധാകൃഷ്ണൻ, സുപ്രതിം മോൺഡൽ, സ്രാബനി കർമാകർ, പത്മാ രാമകൃഷ്ണൻ, എസ്.കെ. റാസ, ആർ. അശ്വിനി, യശ്വന്ത് സ്തനികം, വി. ശിവാനന്ദൻ ആചാരി, കെ.കെ. നെജുമൽ, ജോബിൻ സിറിയക്, ജിഷ ചന്ദ്രൻ, ഷംന ഷാജഹാൻ, ദീപ്തി മാടായി, ആർ. സുകന്യ, ബിക്കി ജെറിൻ ജോസഫ്, ജീവ എം. ഫിലിപ്പ്, കെ.പി. മധുസൂദനൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

(പി.ആർ.ഒ/39/2111/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 2

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

ഒന്നുമുതൽ നാലുവരെ സെമസ്റ്റർ ബി.എ.എൽ. എൽ.എൽ.ബി. (പഞ്ചവത്സരം - 2011 ബാച്ച് വരെ) സപ്ലിമെന്ററി പരീക്ഷയ്ക്ക് പിഴയില്ലാതെ ഡിസംബർ 17 വരെയും 525 രൂപ പിഴയോടെ 18 വരെയും 1050 രൂപ സൂപ്പർഫൈനോടെ 23 വരെയും അപേക്ഷിക്കാം. റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 35 രൂപ വീതവും (പരമാവധി 210 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷഫീസിന് പുറമെ അടയ്ക്കണം. ആദ്യ മേഴ്സി ചാൻസ് (2006 അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 5250 രൂപയും രണ്ടാം മേഴ്സി ചാൻസ് (2006ന് മുമ്പുള്ള അഡ്മിഷൻ) പരീക്ഷയെഴുതുന്നവർ 7350 രൂപയും സ്പെഷൽ ഫീസായി പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനും പുറമെ അടയ്ക്കണം. 2019ൽ മേഴ്സി ചാൻസ് പരീക്ഷയ്ക്ക് 5000 രൂപ സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ ബാക്കി ഫീസായ 250 രൂപയും 7000 രൂപ സ്പെഷൽ ഫീസടച്ച വിദ്യാർഥികൾ ബാക്കി ഫീസായ 350 രൂപയും അടയ്ക്കണം.

(പി.ആർ.ഒ/39/2107/2019)

## പിഎച്ച്.ഡി. നൽകി

കമ്പ്യൂട്ടർ സയൻസിൽ എസ്. രതീഷ്കുമാറിന് പിഎച്ച്.ഡി. നൽകി ഉത്തരവായി.

(പി.ആർ.ഒ/39/2108/2019)

## എം.ജി. ബിരുദപരീക്ഷകളുടെ ഉത്തരക്കടലാസ് മൂല്യനിർണയ ക്യാമ്പുകൾക്ക് തുടക്കം

### - മൂല്യനിർണയം നടത്തുന്നത് 4.5 ലക്ഷം ഉത്തരക്കടലാസുകൾ

മഹാത്മാ ഗാന്ധി സർവകലാശാലയിലെ മൂന്ന്, അഞ്ച് സെമസ്റ്റർ ബിരുദപരീക്ഷകളുടെ ഉത്തരക്കടലാസ് കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പുകൾക്ക് തുടക്കം. ഒൻപത് കേന്ദ്രങ്ങളിലായി 4.5 ലക്ഷം ഉത്തരക്കടലാസുകളുടെ മൂല്യനിർണയമാണ് നടക്കുക. മൂന്ന്, നാല് സെമസ്റ്റർ പ്രൈവറ്റ് ബിരുദ പരീക്ഷകളുടെയും മൂല്യനിർണയം ഇതോടൊപ്പം നടക്കും. സിൻഡിക്കേറ്റംഗങ്ങളുടെ മേൽനോട്ടത്തിൽ ക്യാമ്പ് ഡയറക്ടറുടെ നേതൃത്വത്തിലാണ് ക്യാമ്പുകൾ പ്രവർത്തിക്കുന്നത്. ഓരോ ക്യാമ്പിലും ക്യാമ്പ് ഓഫീസറെയും ആറ് ജീവനക്കാരെ വീതവും നിയോഗിച്ചിട്ടുണ്ട്. ഡിസംബർ അവസാനവാരത്തോടെ അഞ്ചാം സെമസ്റ്റർ പരീക്ഷയുടെ ഫലം പ്രഖ്യാപിക്കുകയാണ് ലക്ഷ്യം.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ എന്നിവർ കോട്ടയം ബസേലിയസ് കോളേജിലെ ക്യാമ്പ് സന്ദർശിച്ച് നടത്തിപ്പ് വിലയിരുത്തി. അതിവേഗത്തിൽ പരീക്ഷകളുടെ ഫലം നൽകാനുള്ള ശ്രമങ്ങളാണ് സർവകലാശാല നടത്തുന്നതെന്ന് വൈസ് ചാൻസലർ പറഞ്ഞു. സിൻഡിക്കേറ്റംഗങ്ങളായ ഡോ. ആർ. പ്രഗാഷ്, ഡോ. പി.കെ. പത്മകുമാർ, കോളേജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, ക്യാമ്പ് ഡയറക്ടർ കെ.എസ്. മനോജ് നാരായണൻ എന്നിവർ സംസാരിച്ചു. ചങ്ങനാശേരി ക്രിസ്തുജ്യോതി കോളേജിലെ ക്യാമ്പും വൈസ് ചാൻസലർ സന്ദർശിച്ചു.

കോട്ടയം ബസേലിയസ് കോളേജ്, ചങ്ങനാശ്ശേരി ക്രിസ്തുജ്യോതി കോളേജ്, പാലാ അൽഫോൻസാ കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, മൂവാറ്റുപുഴ നിർമല കോളേജ്, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ്, തൃപ്പൂണിത്തുറ ചിന്മയ വിദ്യാപീഠം, കട്ടപ്പന ലബ്ബക്കട ജെ.പി.എം. ബി.എഡ്. കോളേജ്, അടിമാലി കാർമ്മൽഗിരി കോളേജ് എന്നിവിടങ്ങളിലാണ് ക്യാമ്പ് നടക്കുന്നത്. ഡിസംബർ 13 വരെയാണ് ക്യാമ്പ്.

# ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാ ഗാന്ധി സർവകലാശാല ബിരുദ പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണയ ക്യാമ്പ് നടക്കുന്ന കോട്ടയം ബസേലിയസ് കോളേജിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യാപകരോട് സംസാരിക്കുന്നു. കോളേജ് പ്രിൻസിപ്പൽ ഡോ. ബിജു തോമസ്, സിൻഡിക്കേറ്റ് പരീക്ഷ ഉപസമിതി കൺവീനർ ഡോ. ആർ. പ്രഗാഷ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം ഡോ. പി.കെ. പത്മകുമാർ എന്നിവർ സമീപം**

(പി.ആർ.ഒ/39/2109/2019)

## എം.ജി.യിൽ ത്രിദിന പോളിമർ രാജ്യാന്തര ശില്പശാല ഡിസംബർ അഞ്ചുമുതൽ

മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർനാഷണൽ ആന്റ് ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി 'എൻജിനീയർഡ് പോളിമർ നാനോ കോമ്പസൈറ്റസ്' എന്ന വിഷയത്തിൽ സംഘടിപ്പിക്കുന്ന ത്രിദിന രാജ്യാന്തര ശില്പശാല ഡിസംബർ അഞ്ചുമുതൽ ഏഴുവരെ നടക്കും.

സ്കൂൾ ഓഫ് പ്യുവർ ആന്റ് അപ്ലൈഡ് ഫിസിക്സിൽ നടക്കുന്ന ശില്പശാലയിൽ പ്രസിദ്ധ പോളിമർ ശാസ്ത്രജ്ഞരായ പ്രൊഫ. ബ്രൂണോ അമേദുരി, പ്രൊഫ. ദിദിയർ റൗക്സൽ എന്നിവർ പ്രഭാഷണം നടത്തും. കേന്ദ്ര മാനവവിഭവശേഷി മന്ത്രാലയത്തിന്റെ സ്പാർക് പദ്ധതിപ്രകാ രം ഫ്രാൻസിലെ ജീൻ ലാമർ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും മോണ്ട്പെല്ലർ യൂണിവേഴ്സിറ്റിയുടെയും സഹകരണത്തോടെയാണ് ശില്പശാല സംഘടിപ്പിക്കുന്നത്. യുവഗവേഷകർക്കായി പോസ്റ്റർ പ്രദർശനമത്സരവും ഇതോടനുബന്ധിച്ച് നടക്കും. വിശദവിവരത്തിന് iiucnnsparc@gmail.com എന്ന ഇമെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

(പി.ആർ.ഒ/39/2110/2019)

## മാസ് സ്പെക്ട്രോമെട്രി രാജ്യാന്തര സമ്മേളനം ഡിസംബർ നാലുമുതൽ എം.ജി.യിൽ

നാലാമത് രാജ്യാന്തര മാസ് സ്പെക്ട്രോമെട്രി സമ്മേളനം ഡിസംബർ നാലുമുതൽ ഏഴുവരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്മെന്റും സംയുക്തമായാണ് രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുന്നത്.

ഡിസംബർ നാലിന് രാവിലെ ഒൻപതിന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഡോ. എ.പി. തോമസ് അധ്യക്ഷത വഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പങ്കെടുക്കും.

ടോം ബ്രണ്ണ, അതുല അറ്റിഗലി (യു.എസ്.എ.), മൈക്കിൾ സ്പിറ്റ്ലർ, ജോച്ചൻ വോൾ (ജർമ്മനി), ലോറന്റ് ഡെബ്രൂവർ, ഒലിവർ ലാപ്രവോട് (ഫ്രാൻസ്), അചിലി കാപിലോ, പിയറംഗേല പൽമ (ഇറ്റലി), കോൺസ്റ്റാന്റിൻ ചിൻഗിൻ (ചൈന), സുമൻ കാന്തി മന്ന, മാളവിക ദത്ത്, അനുഭവ് കുമാർ, ഷിബ്ദാസ് ബാനർജി, എം. ജോസഫ്, ഇ.കെ. രാധാകൃഷ്ണൻ, സുപ്രതിം മോൺഡൽ, സ്രാബനി കർമാകർ, പത്മാ രാമകൃഷ്ണൻ, എസ്.കെ. റാസ, ആർ. അശ്വിനി, യശ്വന്ത് സ്തനികം, വി. ശിവാനന്ദൻ ആചാരി, കെ.കെ. നെജുമൽ, ജോബിൻ സിറിയക്, ജിഷ ചന്ദ്രൻ, ഷംന ഷാജഹാൻ, ദീപ്തി മാടായി, ആർ. സുകന്യ, ബിക്കി ജെറിൻ ജോസഫ്, ജീവ എം. ഫിലിപ്പ്, കെ.പി. മധുസൂദനൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

(പി.ആർ.ഒ/39/2111/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ